# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

CIN: U01119KL1962SGC001997 രജി ഓഫീസ് – കോട്ടയം – 686 004

**SAL-F-600/1588** **15/07/2024**

## കശുമാവ് മരങ്ങളുടെ വില്പന - ഇ-ടെൻഡർ, സീൽഡ് ടെൻഡർ

പി സി കെ യുടെ ഉടമസ്ഥതയിലുള്ള **രാജപുരം** എസ്റ്റേറ്റിലെ പാണത്തൂർ ഡിവിഷനിൽ നിൽക്കുന്ന 3036 കശുമാവ് മരങ്ങളുടെ വില്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും സീൽഡ് ടെൻഡർ വഴിയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം കശുമാവ് മരങ്ങളുടെ വിലയുടെ വാഗ്ദാനം 05/08/2024 തീയതിയിൽ 2:00 PM മണി വരെ ടി ഇ ടെൻഡർ പോർട്ടൽ വഴിയോ സീൽഡ് ടെൻഡർ വഴിയോ സമർപ്പിക്കാവുന്നതാണ്. **ടെൻഡർ സമർപ്പിക്കുന്നവർ ബ്ലോക്ക് തിരിച്ചുള്ള വിലയാണ് സമർപ്പിക്കേണ്ടത്.**

### ഇ-ടെൻഡർ, സീൽഡ് ടെൻഡർ നിബന്ധനകൾ

1. ഇ-ടെൻഡർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും(ഓരോ ബ്ലോക്കിനും ) നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 10,000/-രൂപയുമാണ്
2. ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും ദി മാനേജിങ്ങ് ഡയറക്ടർ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ഇ- ടെൻഡർ തുറക്കുന്ന സമയത്തിന് മുൻപായി പി സി കെ ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
3. ഇ-ടെൻഡർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നേരിട്ട് 118/- രൂപ ഫീസ് അടച്ച് ടെൻഡർ വ്യവസ്ഥകളും ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, രാജപുരം എസ്റ്റേറ്റ് ഓഫീസിൽ നിന്നോ 05/08/2024, 2:00 പി.എം-ന് മുൻപായി വാങ്ങേണ്ടതാണ്. നിരതദ്രവ്യമായ തുക രാജപുരം എസ്റ്റേറ്റ് ഓഫീസ് ബാങ്ക് അക്കൗണ്ടിൽ മാറത്തക്ക വിധം ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി അടച്ചിരിക്കേണ്ടതും ആയതിന്റെ രേഖ രാജപുരം എസ്റ്റേറ്റിൽ ടെൻഡർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.
4. സാധാരണ രീതിയിൽ സീൽഡ് ടെണ്ടർ സമർപ്പിക്കുന്നവർ ടെൻഡർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും

ഒപ്പിട്ട ടെൻഡർ കണ്ടിഷനം, തിരച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ, കോപ്പികളോടൊപ്പം 05/08/2024, 02:00 P M മണിക്ക് മുൻപായി രാജപുരം എസ്റ്റേറ്റ് ഓഫീസിൽ നല്കിയിരിക്കേണ്ടതാണ്.

5. ഇ ടെൻഡർ/ സീൽഡ് ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ, വഴി സൗകര്യം എന്നിവയെ കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

6. **മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള കാലാവധി സ്ഥിരീകരണ തിയതി മുതൽ 60 ദിവസത്തേക്കായിരിക്കും.**

7. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി അറിയിപ്പ് ലഭിച്ച് 24 മണിക്കൂറിനകം വാഗ്ദാനം ചെയ്ത മൊത്തം തുകയുടെ മൂന്നിലൊന്നുവരുന്ന **തുക** പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിന്റെ **രാജപുരം** എസ്റ്റേറ്റ് ബാങ്ക് **അക്കൗണ്ടിൽ അടക്കേണ്ടതാണ്.**

8. കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച **വില വാഗ്ദാനം** പ്രസ്തുത ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം മൊത്തം തുകയുടെ 15% സെക്യൂരിറ്റി ഡിപ്പോസിറ്റായി (നിരതദ്രവ്യമടക്കം) അടയ്ക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് പലിശ നൽകുന്നതല്ല. ഇതിനു പുറമേ മൊത്തം **വാഗ്ദാനം ചെയ്ത തുകയും** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

9. **ടെൻഡർ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് **രാജപുരം** എസ്റ്റേറ്റ് മാനേജറുമായി ഇതനുസരിച്ചുള്ള **ഉടമ്പടി 200/-** രൂപ **കേരള** ഗവൺമെന്റ് വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം **ടെൻഡർ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാ കാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**തും ആയത് 18% പലിശ സഹിതം** കോർപ്പറേഷൻ **ടിയാളിൽനിന്നും ഈടാക്കിയെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ ടി കരാറുകാരനെ കോർപ്പറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അയാൾക്ക് കോർപ്പറേഷന്റെ പിന്നീടുള്ള ടെൻഡറുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നതുമാണ്.**

10. **ഇ-ടെണ്ടറിലും സീൽഡ് ടെണ്ടറിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക.** ഏറ്റവും കൂടിയ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 7,8, വകുപ്പുകൾ അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിൽ മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

11. ഏറ്റവും കൂടുതൽ തുക **വാഗ്ദാനം ചെയ്ത് ടെൻഡർ സമർപ്പിച്ചാലും ടി** തുക **ന്യായയുക്തമല്ലെന്ന് കണ്ട്** ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിന കോർപ്പറേഷന് അവകാശം

ഉണ്ടായിരിക്കുന്നതും ഇപ്രകാരം കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.

12. തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, **പകർച്ചവ്യാധി** കരാറുകാരന്റേയോ, കേർപ്പറേഷന്റേയോ തൊഴിലാളികളുടെ സമരം മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.
13. **ടെൻഡർ നടത്തി** കരാർ **നൽകിയിട്ടുള്ള** സ്ഥലത്ത് കോർപ്പറേഷൻ ഉദ്യോഗ്സ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.
14. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.
15. കരാറുകരാനും, കരാറുകാരന്റെ ഏജന്റും, തൊഴിലാളികളും മരം വെട്ടുന്നതിനു മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ നിന്നും പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.
16. ടെൻഡർ തുകയ്ക്ക് പുറമേ, **ബാധകമായ എല്ലാ നികുതികളും** കാരാറുകരൻ അടയ്ക്കേണ്ടതാണ്. മരം മുറിച്ച് ലോഡുകളായി കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ്സുകൾ ആവിശ്യമെങ്കിൽ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.
17. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ എസ്റ്റേറ്റുമാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, മാനേജരുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
18. വെട്ടി മാറ്റുന്നതിനു നിശ്ചയിച്ച് നമ്പരിട്ടിട്ടുള്ള മരങ്ങൾ മുറിക്കുന്നതിനു മാത്രമേ കരാറുകാരന് അവകാശ മുണ്ടായിരിക്കുകയുള്ളു. നമ്പരിടാത്തതോ, മറ്റിനങ്ങളിൽപ്പെടുന്നതായ മരങ്ങളോ, മറ്റു ഡിവിഷനുകളിലോ, ബ്ലോക്കുകളിലോ നിൽക്കുന്ന ഏതെങ്കിലും മരങ്ങളോ മുറിക്കുന്നതാകയാൽ അത് അനധികൃത മരം മുറിക്കലായി പരിഗണിച്ച്, നിയമനടപടികൾ സ്വീകരിക്കുന്നതും, കരാറുകാരനുമായിട്ടുള്ള ഉടമ്പടി റദ്ദു ചെയ്യുന്നതും അടച്ച എല്ലാ സംഖ്യകളും കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിക്കും. ബാക്കി വരുന്ന മരങ്ങൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ **റീ-ടെൻഡർ** നടത്തി വില്പന ചെയ്യുന്നതുമായിക്കും. അപ്രകാരമുണ്ടാകുന്ന നഷ്ടവും **ചിലവുകളും** കരാറുകാരനിൽ നിന്നും ഇടാക്കുന്നതുമായിരിക്കും.
19. മരങ്ങൾ അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ മുറിച്ചു മാറ്റാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ അറിയി**ച്ചിരി**ക്കേണ്ടതാണ്.
20. എസ്റ്റേറ്റു മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരാന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറുകാർ മരങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടില്ല. മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേണ്ടതാണ്. മരങ്ങൾ പിഴുതെടുക്കുവാൻ പാടില്ല.
22. മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവിശ്യമായ യാതൊരു സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല
23. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ് .
24. കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരുടെ അനുവാദം വാങ്ങേണ്ടതും, കരാർ കാലാവധി തീരുന്ന അവസരത്തിൽ സ്വന്തം **ചിലവിൽ** പൊളിച്ചുമാറ്റേണ്ടതുമാണ്, അല്ലാത്തപക്ഷം ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.
25. കരാർ സ്ഥലത്തുനിന്നും തടികൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റുമാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ മരങ്ങൾ എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ.
26. മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്ക**ലോ** **അനുബന്ധ പ്രവൃത്തി ചെയ്യലോ** അനുവദിക്കുന്നതല്ല.
27. **ടെൻഡർ** സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ മുറിച്ചു മാറ്റുന്ന മരങ്ങൾ സർക്കാരിന്റെ കാലകാലങ്ങളിലുള്ള നിമയങ്ങൾക്ക് വിധേയമായി വില്പന നടത്തേണ്ടതാണ്.
28. യാതൊരു കാരണവും **കാണിക്കാതെ** **ടെൻഡർ** അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
29. **ടെൻഡറിൽ വാഗ്ദാനം ചെയ്ത തുകയും** 15% സെക്യൂരിറ്റിയും അടച്ച് കരാർ ഉടമ്പടി ഒപ്പിട്ടതിനുശേഷമേ തോട്ടത്തിൽ പ്രവേശിക്കുന്നതിനു കരാറുകാരന് അനുവാദമുണ്ടായിരിക്കുകയുള്ളു.
30. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ പ്രസ്തുത ബ്ലോക്ക് **കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ** കോർപ്പറേഷൻ **റീ-ടെണ്ടർ** നടത്തുന്നതു**മാണ്**. ഇതുമൂലം കോർപ്പറേഷനുണ്ടാ**കാവുന്ന** ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
31. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ടെൻഡറിൽ** പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
32. വില്പന സംബന്ധിച്ച് **ടെൻഡറിലോ** ഇതു സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.
33. കരാറുകരന്റെ ആൾക്കാർക്കോ മറ്റ് തൊഴിലാളികൾക്കോ തടിവെട്ടു സംബന്ധമായി ഏതെങ്കിലും വിധത്തിൽ കൊടുക്കാനുള്ള വേതനത്തിനോ/നഷ്ടപരിഹാരത്തിനോ കോർപ്പറേഷൻ ഒരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. മരം

മുറിച്ചുമാറ്റുന്നതിനും, അതോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ തന്നെ ഉത്തരവാദിയായിരിക്കുന്നതാണ് .

34. കരാറുകാരൻ **ടെൻഡർ** വ്യവസ്ഥകളോ, കരാർ വ്യവസ്ഥകളോ പാലിക്കാതെ വന്നാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതിനും, മരങ്ങൾ പുനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** വഴി വിൽക്കുന്നതിനും കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.
35. ഈ കരാർ സംബന്ധമായി എന്തെങ്കിലും തർക്കങ്ങളുണ്ടായൽ ആയതിന്റെ വ്യവഹാര പരിധി കോട്ടയം കോടതികളിൽ മാത്രമായിരിക്കും.
36. കരാർ ഏറ്റുടുക്കുന്ന ആൾ കരാർ പൂർത്തിയാക്കിയതിനുശേഷം തോട്ടം മാനേജരിൽ നിന്നും ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കി 1 മാസത്തിനകം സെക്യൂരിറ്റി **ആയി** അടച്ച തുക തിരികെ വാങ്ങേണ്ടതാണ്. **ടി സെക്യൂരിറ്റി തുകയ്ക്ക് പലിശ നൽകുന്നതല്ല.**
37. മരങ്ങളുടെ എണ്ണം, ക്രമീകരണം, ഇ.എം.ഡി എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്
38. യാതൊരു കാരണവും കാണിക്കാതെ ഏതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനോ, മാറ്റി വെയക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
39. ഏന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും കരാർ കോർപ്പറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.
40. കരാർ കലായളവിൽ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ, നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം, തന്മൂലം ഉണ്ടാകാവുന്നതാമായ സകലവിധ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും കരാറുകാരൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളുതുമായ ഏല്ലാ വിധ കാരാർ ഇടപാടുകളും റദ്ദുചെയ്യുന്നതും, കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ മുതലിലേക്ക് കണ്ടുകെട്ടി മുതൽ കുട്ടുന്നതിനും, കൂടാതെ ആവിശ്യമെന്നു കണ്ടാൽ, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകളിൽ **റീ-ടെൻഡർ** നടത്തി കശുമാവ് മരങ്ങളുടെ വില്പന പൂർത്തിയാക്കുന്നതിന് കോർപ്പറേഷന് തീരുമാനമെടുക്കാവുന്നതും, തന്മുലം ഉണ്ടാകാവുന്ന സകലവിധ ചെലവുകളും, നഷ്ടവും കരാറുകാരനിൽ നിന്നോ ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിന് നിയമം മൂലം കോർപ്പറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.
41. **ഇ-ടെൻഡർ / സീൽഡ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 05/08/2024 02:00 പി.എം. വരെയാണ്. തുടർന്ന് സീൽഡ് ടെണ്ടർ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ അന്നേദിവസം 02:30 പി എം ന് രാജപുരം എസ്റ്റേറ്റ് ഓഫീസിൽ വെച്ച് തുറക്കുന്നതാണ്. ഇ- ടെൻഡർ 06/08/2024, 02:30 P. M ന് പി സി കെ ഹെഡ് ഓഫീസിൽ വെച്ച് തുറക്കുന്നതുമാണ്.**

42. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
43. ഇ-ടെൻഡർ/സീൽഡ് ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

ജനറൽ മാനേജർ (സി)

കോട്ടയം
15/07/2024

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്
മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

വിൽക്കുവാനുള്ള കശുമാവ് മരങ്ങളുടെ പട്ടിക
ഡിവിഷൻ ബ്ലോക്കുകൾ, മരങ്ങളുടെ ഉദ്ദേശ എണ്ണം മുതലായവ

**ഇ ടെൻഡർ / സീൽഡ് ടെൻഡർ**

രാജപുരം എസ്റ്റേറ്റ്- പാണത്തൂർ ഡിവിഷൻ - 3036 മരങ്ങൾ(101.52 Ha)

| SI No. | Block | Total Saleable tree | D D No. | Amount |
|---|---|---|---|---|
| 1. | Panathur-VI | 531 | | |
| 2. | Kalleppally-I | 1920 | | |
| 3. | Kammady-II | 585 | | |

# സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷൻ വക രാജപുരം എസ്റ്റേറ്റിലെ കശുമാവ് മരങ്ങൾ വിൽക്കുന്നതിന് സംബന്ധമായ ഇടെൻഡർ/ സീൽഡ് ടെൻഡർ വ്യവസ്ഥകൾ ഞാൻ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ഈ വ്യവസ്ഥകൾ എനിക്ക് സമ്മതമാണെന്നും ആയത് ഞാൻ അംഗീകരിച്ചിരിക്കുന്നതായും ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

1. ഇടെൻഡർ സമർപ്പിക്കുന്നയാളിന്റെ :
   പേരും മേൽവിലാസവും, ഒപ്പും
   ഫോൺ നമ്പരും :
2. സ്ഥലം :
3. തീയതി :